"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്- കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ, അസിസ്റ്റന്റായി അന്യത്ര സേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ച ശ്രീ.എം.കെ. മഹേഷ് കുമാർ സർക്കാർ ഉത്തരവില്ലാതെ 17/06/2016 മുതൽ 11/07/2016 വരെ ഡെപ്യൂട്ടേഷനിൽ തുടർന്നത് പ്രത്യേക കേസായി പരിഗണിച്ച് -അധിക കാലം ക്രമീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇഎം) വകുപ്പ്**

**സ.ഉ.(സാധാ) നം.1148/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 15/06/2020

---

പരാമർശം:- 1 സർക്കാർ ഉത്തരവ് നം. 1514/13/തസ്വഭവ. തീയതി 11.06.2013.

2 സർക്കാർ ഉത്തരവ് നം. 3171/2015/തസ്വഭവ. തീയതി 26/10/2015.

3 സർക്കാർ ഉത്തരവ് നം. 2070/2016/തസ്വഭവ. തീയതി 04/07/2016.

4 സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറിയുടെ കത്ത് നം. 4139/എം/2013/എസ്.ഇ.സി. തീയതി 21.07.2016.

## ഉത്തരവ്

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ പരാമർശം (1) പ്രകാരം അന്യത്ര സേവന വ്യവസ്ഥയിൽ 2013 മുതൽ 2016 വരെ അസിസ്റ്റന്റായി സേവനമനുഷ്ഠിച്ചിരുന്ന വാകത്താനം പഞ്ചായത്തിലെ അക്കൗണ്ടന്റായ ശ്രീ എം കെ മഹേഷ് കുമാറിന്റെ അന്യത്ര സേവന കാലാവധി പരാമർശം (2) പ്രകാരം 16/06/2016-ൽ അവസാനിച്ചുവെങ്കിലും ടിയാൻ 11/07/2016 വരെ തുടരുകയുണ്ടായി. ഡെപ്യൂട്ടേഷൻ കാലാവധി നീട്ടി നല്കുന്നതിനായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, മാതൃ വകുപ്പ് മേധാവിയുടെ അനുമതി മുൻകൂറായി തന്നെ തേടിയതിന്റെ അടിസ്ഥാനത്തിൽ ഡെപ്യൂട്ടേഷൻ കാലയളവ് ദീർഘിപ്പിച്ചുകൊണ്ട് അനുകൂല ഉത്തരവ് ലഭിക്കും എന്ന ഉത്തമവിശ്വാസത്തിലാണ് ടിയാൻ 17/06/2016 മുതൽ 11/07/2016 വരെയുള്ള കാലയളവിൽ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ തുടർന്നു വന്നത് എന്നും ശ്രീ. മഹേഷ് കുമാറിന്റെ ഭാഗത്തു നിന്ന് മനപ്പൂർവ്വമായ വീഴ്ച സംഭവിച്ചിട്ടില്ല എന്നും ടി കാലയളവിൽ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ടിയാന്റെ സേവനം വിനിയോഗിച്ചിട്ടുണ്ട് എന്നും സർക്കാർ ഉത്തരവില്ലാതെ ഡെപ്യൂട്ടേഷനിൽ തുടർന്ന 17/06/2016 മുതൽ 11/07/2016 വരെയുള്ള കാലയളവ് ക്രമീകരിച്ചു നൽകണമെന്നും പരാമർശം (4) പ്രകാരം സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറി ആവശ്യപ്പെട്ടിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർക്കാർ ഉത്തരവില്ലാതെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ അസിസ്റ്റന്റായി ഡെപ്യൂട്ടേഷനിൽ തുടർന്ന വാകത്താനം ഗ്രാമ പഞ്ചായത്തിലെ അക്കൗണ്ടന്റായ ശ്രീ എം കെ മഹേഷ് കുമാറിന്റെ 17/06/2016 മുതൽ 11/07/2016 വരെയുള്ള സേവന കാലയളവ്, ഒരു പ്രത്യേക കേസായി പരിഗണിച്ച് , ക്രമീകരിച്ച് ഉത്തരവ പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സുനിത ഐ**

**ഡെപ്യൂട്ടിസെക്രട്ടറി**

സെക്രട്ടറി, സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ശ്രീ എം കെ മഹേഷ് കുമാർ, അക്കൗണ്ടന്റ്,വാകത്താനം ഗ്രാമ പഞ്ചായത്ത്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

(തദ്ദേശ സ്വയം ഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ്& ന്യൂ മീഡിയ) വകുപ്പ്.

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ